## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 867 — 25.01.2018-ൽ മറുപടിയ്ക്ക്

### കോങ്ങാട് മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.വി. വിജയദാസ്:** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| എ) കോങ്ങാട് മണ്ഡലത്തിൽ നിന്ന് എത്ര സാംസ്കാരിക പദ്ധതികൾക്കായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന വിശദവിവരം നൽകുമോ;<br>ബി) പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | എ) & ബി) പാലക്കാട് കോങ്ങാട് നിയമസഭാ മണ്ഡലത്തിൽ നിന്ന് ഒടുവിൽ ഉണ്ണിക്കൃഷ്ണൻ സ്മാരകത്തിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ച് പദ്ധതിയ്ക്ക് ഭരണാനുമതിയും 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. തടുക്കശ്ശേരി വിവേകോദയ സാംസ്കാരിക നിലയം ലൈബ്രറിക്ക് സാംസ്കാരിക സമുച്ചയ നിർമ്മാണം, കുണ്ടലശ്ശേരി - വാദ്യകലാ പൈതൃക കേന്ദ്രം, കോങ്ങാട് ക്ഷമാ സ്മാരക ഡിജിറ്റൽ ലൈബ്രറിയിൽ റഫറൻസ് സംവിധാനം എന്നീ പുതിയ പദ്ധതികൾക്ക് ഉള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ കൈക്കൊള്ളുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**